**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5734** **16-03-2023 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിൽ അത്യാധുനിക സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ദെലീമ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദ്വിതീയ തൃതീയ തലങ്ങളിലുള്ള ആശുപത്രികളിൽ അത്യാധുനിക സൗകര്യം ഏർപ്പെടുത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായി അഞ്ച് താലൂക്ക് ആശുപത്രികളുടെയും ഒരു ജില്ലാ ആശുപത്രിയുടെയും രണ്ട് മെഡിക്കൽ കോളേജുകളുടെയും വികസനത്തിനായി കിഫ്ബിയിൽ നിന്നു പുതുതായി അറുനൂറ്റിയഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ദ്വിതീയ തൃതീയ തലങ്ങളിലുള്ള ആശുപത്രികളിൽ അത്യാധുനിക സൗകര്യം ഏർപ്പെടുത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായി പേരാമ്പ്ര താലൂക്ക് ആശുപത്രി, പത്തനാപുരം താലൂക്ക് ആശുപത്രി, കുന്നംകുളം താലൂക്ക് ആശുപത്രി, കൊണ്ടോട്ടി താലൂക്ക് ആശുപത്രി, കോതമംഗലം താലൂക്ക് ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രിയിൽ ബയോമെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ മാതൃ ശിശു ബ്ലോക്കിന്റെ വികസനം, തിരുവന ന്തപുരം മെഡിക്കൽ കോളേജിലെ ഇമാജിയോളജി വിഭാഗത്തിന്റെ വികസനം എന്നീ പദ്ധതികൾക്കായി ആകെ 605.49 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട് |
| (ബി) | വിവിധ ജില്ലാ, ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാരിന്റെ സ്റ്റാന്റേർഡൈസേഷൻ മാനദണ്ഡം അനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡി യോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി മുതലായവ ജില്ലാ തല ആശുപത്രികളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.<br><br>എറണാകുളം ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനായി 76.5 കോടി രൂപയും തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനായി 169 കോടി രൂപയും കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനായി 268.60 കോടി രൂപയും കിഫ്ബി അനുവദിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ വിവിധ മെഡിക്കൽ | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോ |

കോളേജുകളിൽ ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിനും നൂതന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ബയോളജി ലാബിൽ Automated ELISA Work Station, VITEK-2, Automated- ID-AST Automated Blood Culture System, Bact Alert, Mico Bacterial Growth indicator tube (MGIT) മുതലായ ഉപകരണങ്ങൾ ലാബിൽ സജ്ജീകരിച്ച് പ്രവർത്തിച്ച് വരുന്നു. ബയോ കെമിസ്ട്രി ലാബിൽ നൂതന ഉപകരണങ്ങളായ COBAS PURE FULL AUTOMATED INTEGRATED ANALYSER ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ Fully Automated Clinical Chemistry Analysis Fully Automated Immuno Analyser Electro Forus (Fully Automated) Machines ഉം ലഭ്യമാണ്. പാത്തോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൈറ്റോളജി, ഹെമറ്റോളജി, ഹിസ്റ്റോ പാത്തോളജി എന്നീ ലാബുകളിൽ മാനുവലായിട്ടും ആട്ടോമാറ്റഡായിട്ടും പരിശോധന നടത്തിവരുന്നു. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയതുമൂലം വേഗത്തിൽ പരിശോധനാ ഫലങ്ങൾ നൽകുവാനും ഫലം മൊബൈലിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

കൊല്ലം മെഡിക്കൽ കോളേജിലെ ബയോ കെമിസ്ട്രി ലാബിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ലാബ് റീ ഏജന്റ് റഫ്രിജറേറ്റർ, സ്പെക്ട്രോ ഫോട്ടോ മീറ്റർ സെമി ആട്ടോ അനലൈസർ എന്നീ നൂതന ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മൈക്രോ ബയോളജി ലാബിൽ മെച്ചപ്പെടുത്തുന്നതിനായി വിവിധ രോഗ നിർണ്ണയത്തിനായി അതി നൂതന മായതും അതി സങ്കീർണ്ണമായതും യന്ത്രവൽകൃതമായ ആട്ടോമേറ്റഡ് യന്ത്രങ്ങൾ വിന്യസിപ്പിച്ചിട്ടുണ്ട്. പാത്തോളജി ലാബിൽ ആധുനിക യന്ത്ര സംവിധാനങ്ങൾ ഒരുക്കുന്നതിനുളള നടപടികൾ പുരോഗമിച്ച് വരുന്നു. സൈറ്റോളജി ലാബിൽ Cytospin Machine പ്രവർത്തിച്ച് വരുന്നു. ഹിസ്റ്റോ പാത്തോളജി ലാബിൽ Immuno Histo Chemistry, Immuno Flurocent and Frozen section സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പാത്തോ ളജി, മൈക്രോ ബയോളജി, ബയോ കെമിസ്ട്രി എന്നീ വിഭാഗങ്ങളെ ഉൾക്കൊളളിച്ച് കേന്ദ്രീകൃത ലാബ് 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. പ്രസ്തുത ലാബിൽ അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

എറണാകുളം മെഡിക്കൽ കോളേജിൽ ലാബിൽ നൂതന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പുതുതായി ഹെമറ്റോളജി അനലൈസർ യൂറിൻ

| | | | |
|---|---|---|---|
| | | | അനലൈസർ, ESR അനലൈസർ, ആട്ടോമേറ്റഡ് എംബഡിംഗ് മെഷീൻ, ആട്ടോസ്റ്റെയ്നർ എന്നിവ സ്ഥാപി ച്ചിട്ടുണ്ട്. കൂടാതെ വൈറൽ ഡയഗനോസ്റ്റിക് റിസർച്ച് ലബോറട്ടറി സ്ഥാപി ക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>തൃശ്ശൂർ മെഡിക്കൽ കോളേജ് ലാബിൽ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് 35 ലക്ഷം രൂപയുടെ വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>മഞ്ചേരി മെഡിക്കൽ കോളേജിൽ ബയോ കെമിസ്ട്രി, ഇമ്മ്യൂണോ അനലൈസർ, യൂറിൻ അനലൈസർ, അഞ്ച് പാർട്ട് സിബിസി അനലൈസർ (Fully Automated) എന്നീ നൂതന ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിലെ മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യത്തിന് പുറമെ ബയോ കെമിസ്ട്രി എന്റോക്രിനോളജി തുടങ്ങിയ അഡ്വാൻസ്ഡ് ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള ലാബ് പ്രവർത്തിച്ചു വരുന്നു. കൂടാതെ റിസർച്ച് തരത്തിലുള്ള ടെസ്റ്റുകൾ ചെയ്യുന്ന തിനായി മെഡിക്കൽ റിസർച്ച് ലാബും പ്രവർത്തിച്ച് വരുന്നു. മൈക്രോ ബയോളജി വിഭാഗത്തിൽ ലാബ് നിർമ്മാണം പുരോഗമിച്ച് വരുന്നു. പാത്തോളജി വകുപ്പിന് കീഴിലുള്ള വിവിധ ലാബുകളിൽ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. Molecular Diagnostic Lab ന്റെ രണ്ടാം ഘട്ട വികസനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>കണ്ണൂർ മെഡിക്കൽ കോളേജിൽ സെൻട്രൽ ലാബിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അത്യാധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ച് വരുന്നു.<br><br>കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ലാബിലേക്ക് സെമി ആട്ടോ ബയോ കെമിസ്ട്രി അനലൈസർ, ബൈനോക്കുലർ മൈക്രോസ്കോപ്പ് ടൈപ്പ് സെക്കന്റ് എന്നിവ വാങ്ങുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ